# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2416 — 14/06/2019-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി ഓഫീസുകളുടെ അധികാരപരിധി പുനർനിർണയം

| | ചോദ്യം<br>**ശ്രീ.ഡി.കെ. മുരളി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ കെ.എസ്. ഇ.ബി ഓഫീസുകളുടെ അധികാര പരിധി പുനർനിർണയിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ജോലി തുല്യത വരുത്തുവാനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിക്കുന്നത്.<br><br>ഉപഭോക്താക്കളുടെ എണ്ണം, ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരുവാനുള്ള സൗകര്യം, പ്രവർത്തന മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റലേഷനുകളുടെ എണ്ണം, വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിനും അറ്റകുറ്റ പണികൾ മറ്റു അനുബന്ധ പ്രവൃത്തികൾ മുതലായവ സമയാധിഷ്ഠിതമായി ചെയ്യുന്നതിനുള്ള സൗകര്യം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പുനർനിർണയത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ ചില സെക്ഷൻ ഓഫീസുകളിൽ പുന:ക്രമീകരണ നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സെക്ഷനുകളിൽ പുന:ക്രമീകരണത്തിനുള്ള സാദ്ധ്യത പരിശോധിച്ച് നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

Apsara
സെക്ഷൻ ഓഫീസർ

4